മലയാള മനോരമ
ESTABLISHED 1888

22 October 2016



സിഎംഎഫ്ആർഐ ഹാച്ചറിയിൽ ഉൽപാദിപ്പിച്ച കലവ മത്സ്യക്കുഞ്ഞുങ്ങൾ.

# കലവ മൽസ്യത്തിന്റെ വിത്തുൽപാദനം സിഎംഎഫ്ആർഐയിൽ വിജയകരം

കൊച്ചി ● മികച്ച സ്വാദും ഉയർന്ന വിലയുമുള്ള കടൽ മത്സ്യം കലവയുടെ (കടൽ കറൂപ്പ്) വിത്തുൽപാദനം കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) വിജയം. രാജ്യത്ത് ആദ്യമായാണ് 'ആമൂർ' എന്ന പേരിൽ വിളിക്കുന്ന കലവയുടെ വിത്തുൽപാദനം വൻതോതിൽ വിജയമായത്. വിശാഖ പട്ടണത്തുള്ള റീജനൽ സെന്ററിലായിരുന്നു പരീക്ഷണം.



കലവ മത്സ്യം

വിദേശത്ത് ഏറെ പ്രിയമുള്ള മത്സ്യമാണ് കലവ. ആവശ്യത്തിനു കുഞ്ഞുങ്ങളെ ലഭ്യമല്ലാത്തതിനാൽ കലവ കൃഷി ഇന്ത്യയിൽ കുറവായിരുന്നു. വിത്തുൽപാദനം വിജയിച്ചതോടെ ഇനി ഇന്ത്യയിലും കലവ കൃഷി ചെയ്ത് വൻതോതിൽ ഉൽപാദിപ്പിക്കാനാകുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. കടൽ കൂടു കൃഷിയിലൂടെയും ലാഭകരമായി കലവ ഉൽപാദിപ്പിക്കാം.

രണ്ടു വർഷത്തെ പരീക്ഷണത്തിനൊടുവിലാണ് മികച്ച അതിജീവന നിരക്കോടെ കലവ കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാനായത്. സീനിയർ സയന്റിസ്റ്റ് ഡോ. ശുഭദീപ് ഘോഷ് നേതൃത്വം നൽകി.

കടലിൽ നിന്നു പിടിക്കുന്ന കലവയ്ക്കു കിലോഗ്രാമിനു 400 മുതൽ 450 രൂപ വരെ വിലയുണ്ട്. കൃഷി ചെയ്തെടുക്കുന്ന മത്സ്യത്തിന് വിദേശ വിപണിയിൽ ഈ വിലയുടെ നാലിരട്ടി വരെ കിട്ടിയേക്കും.